

ഗീർട്ട് വൈൽഡേഴ്സ്

# ലക്ഷ്യമിടുന്നത് ഫിത്ന തന്നെ

**വിശുദ്ധ** ഖുർആനെ അവഹേളിക്കാനും മുസ്‌ലിം ലോകത്തെ വംശീയ വൈരത്തിന്റെയും വർഗീയതയുടെയും പ്രതിരൂപങ്ങളായി ചിത്രീകരിക്കാനും നെതർലാന്റ് പാർലമെന്റ് അംഗവും വലതുപക്ഷ നേതാവുമായ ഗീർട്ട് വൈൽഡേഴ്സ് നിർമിച്ച ഹ്രസ്വ ഫിലിം 'ഫിത്ന' പുതിയ വിവാദത്തിന് തിരികൊളുത്തിയിരിക്കുകയാണ്. കാർട്ടൂൺ വിവാദം കെട്ടടങ്ങുന്നതിന് മുമ്പാണ് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇസ്‌ലാമിനെതിരെ വീണ്ടും മുറവിളി ഉയരുന്നത്. 'ഫിത്ന' പ്രദർശിപ്പിക്കുന്നതിൽനിന്ന് വിട്ടുനിൽക്കണമെന്ന മുസ്‌ലിം ലോകത്തിന്റെയും നെതർലാന്റിലെ ഒരു പക്ഷം പൗരന്മാരുടെയും ആവശ്യം വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ടാണ് ഗീർട്ട് സിനിമാ നിർമാണവുമായി മുന്നോട്ടുനീങ്ങിയത്. ഡച്ച് ടെലിവിഷൻ ചാനൽ സിനിമ സംപ്രേഷണം ചെയ്യില്ലെന്ന് നേരത്തെ വ്യക്തമാക്കിയിരുന്നു. സംപ്രേഷണത്തിന് തെരഞ്ഞെടുത്ത ഔദ്യോഗിക വെബ്സൈറ്റും താൽക്കാലികമായി പിറകോട്ടടിച്ചതോടെ, ഇന്റർനെറ്റിലെ *യൂട്യൂബി*ലൂടെയാണ് 'ഫിത്ന' പ്രചരിപ്പിക്കാൻ ഗീർട്ട് ശ്രമം ആരംഭിച്ചത്. മാർച്ച് 27-ന് പുറത്തുവിട്ട ഫിലിം ഏറ്റുപിടിച്ച മുസ്‌ലിം വിരുദ്ധ ശക്തികൾ ഇതര സൈറ്റുകളിലൂടെയും *യൂട്യൂബ്, ബ്ലൂടൂത്ത്* സംവിധാനങ്ങളിലൂടെയും ഇത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിവിധ സന്ദർഭങ്ങളിൽ ചാനലുകളിൽനിന്ന് പകർത്തിയ മുസ്‌ലിം പണ്ഡിതന്മാരുടെയും അല്ലാത്തവരുടെയും പ്രസ്താവനകളും വിശുദ്ധ ഖുർആന്റെ പലഭാഗങ്ങളിൽനിന്നുമായി അടർത്തിയെടുത്ത സൂക്തങ്ങളും കോർത്തുവെച്ച് ഇസ്‌ലാമിനെക്കുറിച്ച് ഭീതി സൃഷ്ടിക്കാനാണ് 'ഫിത്ന'യിലൂടെ ശ്രമിക്കുന്നത്. വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിന്റെ ദൃശ്യ പശ്ചാത്തലത്തിൽ സൂറത്ത് *അൻഫാലി*ലെ 60-ാം ആയത്തിന്റെ ശബ്ദ ചേരുവയോടെ ആരംഭിക്കുന്ന ഫിലിം യൂറോപ്പിൽ ഇസ്‌ലാം പ്രചരിച്ചാൽ ഉണ്ടാകാൻ പോകുന്ന 'കുഴപ്പങ്ങളി'ലേക്ക് പ്രേക്ഷക ശ്രദ്ധ ക്ഷണിക്കുന്നത്. ഇസ്‌ലാം യൂറോപ്പിൽ വിശേഷിച്ചും നെതർലാന്റിൽ വൻ വളർച്ചനേടുകയാണെന്നും ഇതിന് തടയിടാൻ കഴിഞ്ഞില്ലെങ്കിൽ എല്ലാ സ്വാതന്ത്ര്യങ്ങളും നഷ്ടപ്പെടുമെന്നും സംവിധായകൻ മുന്നറിയിപ്പ് നൽകുന്നു. മറ്റു മതങ്ങളുടെയെല്ലാം ശത്രുവാണ് ഇസ്‌ലാമെന്ന് വരുത്തിത്തീർക്കാനും ശ്രമിക്കുന്നു. ഡെന്മാർക്കിൽ പ്രസിദ്ധീകരിച്ച കാർട്ടൂണിലെ തലപ്പാവിൽ ഘടിപ്പിച്ച ബോംബ് പൊട്ടിത്തെറിക്കുന്നതോടെയാണ് 16 മിനിറ്റ് ദൈർഘ്യമുള്ള ഫിലിം അവസാനിക്കുന്നത്. ഡച്ച്, ഇംഗ്ലീഷ്, അറബി, പേർഷ്യൻ ഭാഷകളിൽ ഫിലിം ഡബ്ബ് ചെയ്തുകഴിഞ്ഞു. രാജ്യത്തെ പ്രമുഖ ജൂത സംഘടനതന്നെ ഫിലിം വസ്തുതാപരമല്ലാത്ത കാര്യങ്ങളാണ് പ്രചരിപ്പിക്കുന്നതെന്ന് തുറന്നടിച്ചു. വിവിധ യൂറോപ്യൻ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരും ഇതിനെതിരെ പ്രതികരിച്ച് രംഗത്തുണ്ട്. ആവിഷ്കാര സ്വാതന്ത്ര്യം മതനിന്ദക്കായി ദുരുപയോഗം ചെയ്യുന്നത് വെച്ചുപൊറുപ്പിക്കാൻ കഴിയില്ലെന്ന് ഒ.ഐ.സി സെക്രട്ടറി ജനറൽ അക്മലുദ്ദീൻ ഇഹ്സാൻ ഒഗ്‌ലു താക്കീതുനൽകി. തുടർച്ചയായി യൂറോപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഇസ്‌ലാം വിദ്വേഷ പ്രചാരണം ഒറ്റപ്പെട്ടതല്ലെന്നും ഇതിനെതിരെ നിയമനിർമാണം ആവശ്യമാണെന്നും ഒ.ഐ.സി ആവശ്യപ്പെട്ടു. ■

**കെ.സി.എം അബ്ദുല്ല റിയാദ്**

# അനൈക്യത്തിന്റെ അറബ്‌ലീഗ് ഉച്ചകോടി

22 അറബ് രാജ്യങ്ങളുടെ കൂട്ടായ്മയായ അറബ് ലീഗിന്റെ 20-ാമത് ഉച്ചകോടി മാർച്ച് 29, 30 തീയതികളിൽ സിറിയൻ തലസ്ഥാനമായ ദമസ്കസിൽ ചേരുകയുണ്ടായി. അംഗരാജ്യങ്ങളിൽനിന്നുള്ള രാഷ്ട്രനായകന്മാരുടെ അസാന്നിധ്യത്തിലാണ് സിറിയൻ പ്രസിഡന്റ് ബശ്ശാറുൽ അസദിന്റെ അധ്യക്ഷതയിൽ ചേർന്ന ഉച്ചകോടി വാർത്തയിലിടം നേടിയത്. അഭിപ്രായ ഭിന്നതയുടെയും അനൈക്യത്തിന്റെയും വേദിയായി ഉച്ചകോടി മാറുകയായിരുന്നു.

ഏഴ് പ്രമുഖ അറബ് രാജ്യങ്ങളുടെ അംഗത്വത്തോടെ 1945 മാർച്ച് 22-ന് ഈജിപ്തിലെ കെയ്റോവിൽവെച്ചാണ് അറബ് ലീഗ് രൂപപ്പെട്ടത്. ഈജിപ്ത്, സിറിയ, ജോർദാൻ, ഇറാഖ്, ലബനാൻ, സുഊദി അറേബ്യ, യമൻ എന്നീ അറബ് രാജ്യങ്ങളുടെ കൂട്ടായ്മയിലൂടെ നിലവിൽവന്ന അറബ്‌ലീഗിന്റെ സ്ഥിരം ആസ്ഥാനം ഈജിപ്താണ്.

നിലവിലുള്ള 22 അംഗരാജ്യങ്ങളിൽനിന്ന് പകുതി രാഷ്ട്ര നായകന്മാരുടെ സാന്നിധ്യത്തോടെയാണ് ഇത്തവണ ഉച്ചകോടി ചേർന്നത്. സിറിയയുടെ അയൽ രാജ്യമായ ലബനാൻ രാഷ്ട്രീയ കാരണങ്ങളാൽ ഉച്ചകോടി ബഹിഷ്കരിച്ചപ്പോൾ സുഊദി അറേബ്യ, ബഹ്റൈൻ, സോമാലിയ, ഇറാഖ്, ഒമാൻ, കുവൈത്ത്, ഈജിപ്ത്, മൊറോക്കോ, ജോർദാൻ, തുനീഷ്യ എന്നീ പത്ത് രാജ്യങ്ങൾ രാഷ്ട്രനായകന്മാർക്കു പകരം പ്രതിനിധികളെ അയക്കുകയാണ് ചെയ്തത്. അമേരിക്കയുടെ സമ്മർദത്തിന് വഴങ്ങിയാണ് പ്രമുഖ രാജ്യങ്ങൾ ഉച്ചകോടിക്ക് ഹാജരാകാത്തതെന്ന് ബശ്ശാറുൽ അസദ് കുറ്റപ്പെടുത്തി.

പരിശുദ്ധ ഖുർആൻ പാരായണംകൊണ്ട് ആരംഭിക്കാത്ത ആദ്യ ഉച്ചകോടി എന്ന് സിറിയൻ തലസ്ഥാനത്ത് ചേർന്ന് ഒത്ത്കൂടലിനെ മാധ്യമങ്ങൾ വിശേഷിപ്പിച്ചു. അടുത്ത ഒരു വർഷത്തേക്ക് അറബ് ലീഗ് സാരഥ്യം ഏറ്റെടുത്ത് ഉച്ചകോടിക്ക് അധ്യക്ഷം വഹിച്ച സിറിയൻ പ്രസിഡന്റ് ബശ്ശാറുൽ അസദോ അറബ് ലീഗ് സെക്രട്ടറി ജനറൽ അംറ് മൂസയോ ഇസ്‌ലാമിക അഭിവാദ്യത്തോടെ സദസ്യരെ അഭിസംബോധന ചെയ്തില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ■

**അസ്ഹർ പുള്ളിയിൽ**